പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 11.01.2018.
ഫോൺ: 0471 - 258 0595; msndpi@gmail.com.

നം. എം. 4/90826/2017/ഡി.പി.ഐ

# സർക്കുലർ

വിഷയം : പൊ.വി.വ. – "ഓയ്സ്ക്ക - ഇന്റർനാഷണൽ" - സ്കൂളുകളിൽ ലവ് ഗ്രീൻ ക്ലബ്ബുകൾ ആരംഭിക്കുന്നത് – സംബന്ധിച്ച് –

സൂചന : 1. ഈ ഓഫീസിലെ എം.4/87963/95/ഡി.പി.ഐ., തീയതി: 14.11.1995- ലെ സർക്കുലർ.

2. ഓയ്സ്ക - ഇന്റർ നാഷണൽ 17.10.2017 ൽ സമർപ്പിച്ച അപേക്ഷ.

***************************

ഓയ്സ്ക്ക ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലവ് ഗ്രീൻ ക്ലബ്ബുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശം സൂചന (1) സർക്കുലർ പ്രകാരം നൽകിയിരുന്നു. ഇപ്പോൾ സംസ്ഥാനത്തെ 700 - ൽ അധിക സ്കൂളുകളിൽ പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇതിന്റെ തുടർച്ചയെന്നോണം ഹെർബൽ പ്ലാന്റ്സ് ആന്റ് ഹോം റെമിഡീസ് എന്ന ഒരു പുതിയ പ്രോജക്ട് കൂടി ദേശീയ ഔഷധസസ്യബോർഡിന്റെയും ആയുഷ് മന്ത്രാലയത്തിന്റെയും സഹകരണത്തോടെ ഓയ്സ്കാ ഇന്റർ നാഷണൽ ആരംഭിച്ചിരിക്കുന്നു. 100 സ്കൂളുകളിൽ ആദ്യഘട്ടമെന്ന രീതിയിൽ പദ്ധതി തുടങ്ങിയിട്ടുണ്ട്.

കൂടുതൽ സ്കൂളുകളിലേയ്ക്ക് പുതിയ പ്രോജക്ട് വ്യാപിപ്പിക്കുന്നത് അത്യന്തം പ്രയോജന പ്രദമായിരിക്കും. ഓയ്സ്ക ഇന്റർ നാഷണലുമായി സഹകരിച്ച് സ്ഥല സൗകര്യമുള്ള എല്ലാ സ്കൂളുകളിലും ഹെർബൽ പ്ലാന്റ്സ് ആന്റ് ഹോം റെമിഡീസ് എന്ന പദ്ധതി ആരംഭിക്കുവാൻ വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :

സെക്രട്ടറി ജനറൽ,
OISCA ഇന്റർ നാഷണൽ, OISCA യൂത്ത് സെന്റർ,
യു.കെ.എസ്. റോഡ്, കോഴിക്കോട് - 673 001.

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).
5. കരുതൽ ഫയൽ.

Scanned by CamScanner